➩ 72 ഓളം വീടുകളുള്ള കോളനിയോട് ചേർന്നാണ് ക്വാറി പ്രവർത്തിക്കുന്നത് ➩

**ജനങ്ങളാൽ സർക്കാർ സംവിധാനങ്ങൾ ചോദ്യം ചെയ്യപ്പെടുന്നു**

പ്രിയ വായനക്കാരെ,
കേരളീയം ഒരു പംക്തി ആരംഭിക്കുന്നു. പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട ഏതെങ്കിലും വിഷയത്തിൽ ഇടപെടുമ്പോൾ സർക്കാർ സംവിധാനങ്ങളിൽ നിന്നും നിങ്ങൾക്ക് അഭിമുഖീകരിക്കേണ്ടി വന്ന ദുരനുഭവങ്ങൾ കേരളീയവുമായി പങ്കുവയ്ക്കാം. പരിസ്ഥിതി സംരക്ഷണത്തിനായി ജനങ്ങൾ നടത്തുന്ന ശ്രമങ്ങളെ അസാധുവാക്കുന്ന സർക്കാർ സംവിധാനങ്ങളെയും ഉദ്യോഗസ്ഥ അധീശത്വത്തെയും തുറന്നു കാണിക്കാനും ചർച്ച ചെയ്യാനും ഒരു വേദി. രാഷ്ട്രീയക്കാർ മാത്രമല്ല, അതിനേക്കാൾ ദുഷിച്ചിരിക്കുന്ന ഉദ്യോഗസ്ഥ സംവിധാനങ്ങളും എങ്ങനെയെല്ലാം വിഭവചൂഷണത്തിനും പരിസ്ഥിതിനാശത്തിനും കാരണഹേതുവാകുന്നുവെന്ന് വിലയിരുത്താം.

# ക്വാറി മുതലാളിക്കും പോലീസിനും ഒരേ ഭാഷ

പാലക്കാട് ജില്ലയിലെ അമ്പിട്ടൻതരിശ്ശിൽ പ്രവർത്തിക്കുന്ന വൻകിട ക്വാറികൾ ദുരിതത്തിലാഴ്ത്തിയ ജനങ്ങളെ നേരിൽ കാണുന്നതിനും ക്വാറികൾ സൃഷ്ടിക്കുന്ന ആഘാതങ്ങൾ പകർത്തുന്നതിനുമെത്തിയ ഡോക്യുമെന്ററി പ്രവർത്തകർക്ക് മംഗലം ഡാം എസ്.ഐ ചന്ദ്രന്റെയും പോലീസുകാരുടെയും ഭാഗത്ത് നിന്നുണ്ടായ ദുരനുഭവം.

**സുരേഷ് നാരായണൻ, യാമിനി പരമേശ്വരൻ**

ഗാഡ്ഗിൽ - കസ്തൂരിരംഗൻ കമ്മിറ്റി റിപ്പോർട്ടുകളെ തുടർന്നുണ്ടായ കോലാഹലങ്ങളുടെയും പരിസ്ഥിതി-രാഷ്ട്രീയ പ്രവർത്തകരുടെ പ്രതിഷേധങ്ങളുടെയും പശ്ചാത്തലത്തിലാണ്, കേരളത്തിന്റെ നിർമ്മാണ മേഖലയേയും കരിങ്കൽ ക്വാറികളേയും ബന്ധപ്പെടുത്തി ഒരു ഡോക്യുമെന്ററി ചെയ്യണമെന്ന് ഞങ്ങൾ ആലോചിച്ചു തുടങ്ങുന്നത്. ഇതിനിടയിലാണ് പാലക്കാട് ജില്ലയിലെ കിഴക്കഞ്ചേരി പഞ്ചായത്തിൽ, അമ്പിട്ടൻതരിശ്ശ് എന്ന ഗ്രാമത്തിൽ രണ്ടര വർഷമായി പ്രവർത്തിച്ചുവരുന്ന ഒരു വൻകിട കരിങ്കൽ ക്വാറിക്കെതിരെ നടക്കുന്ന സമരത്തെക്കുറിച്ച് അറിയുന്നത്.

ചെറിയ ചില രോഷപ്രകടനങ്ങളിലും അടക്കം പറച്ചിലുകളിലും ഒതുങ്ങി നിന്നിരുന്ന പ്രതിഷേധം, 2013 ഒക്ടോബർ നാലിന് കരിങ്കൽ ക്വാറിയിലേക്ക് കല്ലുകയറ്റാനായി അതിവേഗത്തിൽ ഓടിച്ചു വന്ന ടിപ്പർ ലോറിയിടിച്ച് റുബീന എന്ന യുവതി മരണപ്പെട്ടതിനെ തുടർന്ന് അണപൊട്ടിഒഴുകുകയായിരുന്നു. ഭൂരിപക്ഷം പ്രദേശവാസികളും സി.പി.ഐ (എം) അനുഭാവികളായ അമ്പിട്ടൻതരിശ്ശിലെ ഈ പ്രതിഷേധത്തെ മുളയിലേതന്നെ നുള്ളിക്കളയുവാൻ വ്യവസ്ഥാപിത രാഷ്ട്രീയക്കാരും പോലീസും രംഗത്തുണ്ടായിരുന്നു. സമരത്തെ സഹായിക്കാൻ പുറത്തുനിന്ന് വരുന്നവർ തീവ്രവാദികളാണെന്നും, അവരുമായി ബന്ധപ്പെട്ടാൽ തീവ്രവാദക്കേസിൽ അകപ്പെടുത്തി ജയിലിലാക്കുമെന്നുമായിരുന്നു പോലീസിന്റെ ഭീഷണി.

2014 ജനുവരി 11 ന് മനുഷ്യവകാശ-പരിസ്ഥിതി പ്രവർത്തകരുടെ ഒരു വസ്തുതാന്വേഷണ സംഘത്തിനൊപ്പമാണ് ഞങ്ങൾ ആദ്യമായി അമ്പിട്ടൻ തരിശ്ശിലെത്തുന്നത്. ഞങ്ങൾ എത്തുമ്പോൾ തന്നെ സ്പെഷ്യൽ ബ്രാഞ്ച് പോലീസും മംഗലം ഡാം പോലീസും വാഹനങ്ങളും ക്യാമറകളുമായി നിലയുറപ്പിച്ചിരുന്നു. പട്ടികവർഗക്കാരുടെ 21 കുടുംബങ്ങളടക്കം 72 ഓളം വീടുകളുള്ള കോളനിയോട് ചേർന്നാണ് ക്വാറി പ്രവർത്തിക്കുന്നത്. കോളനിയിലെ ഏതാണ്ട് എല്ലാ വീടുകളിലും ക്വാറിയിലെ സ്ഫോടനങ്ങൾ മൂലം വിള്ളലുകൾ വീണിട്ടുണ്ട്. ഒരു വീടിന്റെ മുൻഭാഗം ഒന്നാകെ ഇടിഞ്ഞുപോയിരിക്കുന്നു. ക്വാറിയിൽ സ്ഫോടനം നടക്കുമ്പോൾ ഓടുകൾ പൊട്ടി താഴെ വീഴുന്നത് തടയാനായി മേൽക്കൂരയ്ക്ക് കീഴെ പ്ലാസ്റ്റിക് ഷീറ്റ് വലിച്ചുകെട്ടിയിട്ടുള്ള പല വീടുകളും കോളനിയിലുണ്ട്.



ഞങ്ങൾ നാലുപേരും കുറ്റവാളികളാണെന്ന് സ്ഥാപിച്ചെടുക്കാൻ മറ്റ് പോലീസ് ഉദ്യോഗസ്ഥരും എസ്.ഐയോടൊപ്പം ചേർന്നു. അരമണിക്കൂറിലധികം നീണ്ടുനിന്ന ചോദ്യം ചെയ്യലിനൊടുവിൽ ക്വാറി ഉടമ ജോജി പരാതി തരാത്തതിനാൽ നിങ്ങളെ തൽക്കാലം വെറുതെ വിടുന്നു എന്ന് എസ്.ഐ പ്രഖ്യാപിക്കുകയായിരുന്നു.

രാവിലെ മുതൽ വൈകീട്ട് വരെ ഞങ്ങളുടെ ഓരോ ചലനവും നിരീക്ഷിക്കാനും ക്യാമറയിൽ പകർത്താനും പോലീസ് നിതാന്ത ജാഗ്രതയിൽ ഞങ്ങളെ അനുഗമിച്ചിരുന്നു. ഈ സാഹചര്യങ്ങൾ നേരിട്ട് മനസ്സിലാക്കിയപ്പോൾ അവിടെ നിന്നു തയൊണ് ഡോക്യുമെന്ററി തുടങ്ങേണ്ടത് എന്ന തീരുമാനത്തിൽ ഞങ്ങൾ എത്തിച്ചേർന്നു.

ഡോക്യുമെന്ററിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി പിറ്റേന്ന് (2014 ജനുവരി 12ന്) ഉച്ചകഴിഞ്ഞ് കാറിൽ വണ്ടാഴി മംഗലം ഡാം വഴി അമ്പിട്ടൻ തരിശ്ശിലേക്ക് പോകുമ്പോഴാണ് പോലീസിന്റെ ഇടപെടൽ വീണ്ടുമുണ്ടാകുന്നത്. വണ്ടാഴിയിൽ വച്ച് ഒരു സംഘം പോലീസുകാർ വാഹനത്തിന് കൈ കാണിച്ചു. കാർ നിറുത്തിയപ്പോഴേക്കും പോലീസ് തന്നെ പോകാൻ പറഞ്ഞു. തുടർന്ന് മംഗലം ഡാം പോലീസ് സ്റ്റേഷന് മുമ്പിൽ എത്തിയപ്പോൾ രണ്ടു പോലീസുകാർ കയ്യിലുള്ള കടലാസിലെഴുതിയ നമ്പറും വണ്ടിയുടെ നമ്പറും ഒത്തുനോക്കിയതിനു ശേഷം വണ്ടി നർത്താൻ ആവശ്യപ്പെട്ടു. ഞങ്ങൾ വാഹനം നിറുത്തി. ഞങ്ങൾ സഞ്ചരിച്ചിരുന്ന കാറിന്റെ നിറവും മറ്റു വിവരണങ്ങളുമാണ് കടലാസിലുണ്ടായിരുന്നത്. വിവരങ്ങളെല്ലാം ഞങ്ങളുടെ വണ്ടിയുടേതു തന്നെയായിരുന്നു. എന്നാൽ നമ്പർ എഴുതിയെടുത്തതിൽ വന്ന പിഴവുകൊണ്ടാകാം, ഒന്നു രണ്ടക്കങ്ങൾ മാറിപ്പോയത്. രണ്ടു പോലീസുകാർ തമ്മിലുള്ള സംഭാഷണങ്ങൾക്കൊടുവിൽ ഞങ്ങളെ പോകാൻ അനുവദിച്ചു. നിവർത്തിപ്പിടിച്ച കടലാസുതുണ്ടിലേക്കും കാറിന്റെ നമ്പർ പ്ലേറ്റിലേക്കും മാറി മാറി നോക്കുന്ന പോലീസുകാരെ പിന്നിട്ട് ഞങ്ങൾ അമ്പിട്ടൻതരിശ്ശിലേക്ക് പോയി.

തുടർന്നുള്ള പല ദിവസങ്ങളിലായി കോളനിയിലെ ജീവിതവും പരിസരപ്രദേശങ്ങളും ഷൂട്ടുചെയ്തു. ക്വാറിക്കകത്തു നടക്കുന്ന പ്രവർത്തനങ്ങൾ പുറത്തുനിന്നും കാണാൻ സാധിക്കുന്നത്രയും വീഡിയോയിൽ പകർത്തി. ക്വാറിയിൽ പാറ പൊട്ടിക്കൽ പ്രവർത്തനങ്ങൾ നടക്കുമ്പോൾ ശബ്ദത്തോടും പ്രകമ്പനങ്ങളോടും ഉയരുന്ന പൊടിപടലങ്ങൾ വളരെ അസഹ്യമാണെന്ന് പരിസരവാസികൾ ഞങ്ങളോട് പറഞ്ഞിരുന്നു. ഈ പ്രവർത്തനങ്ങളാകട്ടെ, എല്ലാ ക്വാറികളെയും പോലെ തന്നെ, ഉച്ചക്ക് ഒരു മണി മുതൽ രണ്ട് മണി വരെയുള്ള സമയത്താണ് നടക്കുന്നത്.

ജനുവരി മാസം 23ന് ഈ പ്രവർത്തനങ്ങൾ നേരിട്ട് കാണുന്നതിനും വീഡിയോയിൽ പകർത്തുന്നതിനുമായി ഞങ്ങൾ വീണ്ടും അമ്പിട്ടൻതരിശ്ശിലെത്തി. ക്വാറിക്ക് സമീപത്തുള്ള ഒരു റബർ തോട്ടത്തിൽ നിന്നാണ് ഈ പ്രവൃത്തികൾ ഏറ്റവും നന്നായി കാണാനും വിഡിയോ എടുക്കാനും സാധിക്കുമായിരുന്നത്. റബർ തോട്ടത്തിന്റെ ഉടമയുടെ അനുവാദത്തോടെ ഞങ്ങൾ അവിടെ നിൽക്കുമ്പോൾ ക്വാറിയിൽ ഒരു ഭാഗത്ത് കുഴികളിൽ വെടിമരുന്നു നിറയ്ക്കുന്ന പ്രവർത്തനങ്ങൾ നടക്കുന്നുണ്ടായിരുന്നു. മറുഭാഗത്താകട്ടെ, അനുവദനീയമായ ആറു മീറ്ററിലധികം ആഴത്തിൽ പാറ ഖനനം നടത്തിയ സ്ഥലങ്ങളിൽ ക്വാറിയിലെ മാലിന്യങ്ങളും മണ്ണും നിറച്ച് അവ നികത്താനുള്ള പ്രവർത്തനങ്ങൾക്ക് ക്വാറി ഉടമ തന്നെ നേതൃത്വം നൽകുന്നുണ്ടായിരുന്നു. ഞങ്ങളുടെ ക്യാമറാമാൻ വൈശാ

⇨ ക്യാമറയ്ക്കുനേരെ പാഞ്ഞടുക്കുകയും തന്റെ അനുവാദമില്ലാതെ ഷൂട്ട് ചെയ്യാൻ സാധിക്കില്ല എന്നാക്രോശിക്കുകയും ചെയ്തു ⇨

2014 ഫെബ്രുവരി 23 ന് അമ്പിട്ടൻതരിശ്ശിൽ വച്ച് സമരം പ്രഖ്യാപന കൺവെൻഷൻ നടത്തിക്കൊണ്ട് അമ്പിട്ടൻതരിശ്ശ് ആക്ഷൻ കൗൺസിൽ ക്വാറികൾക്കെതിരെ പ്രത്യക്ഷ സമരങ്ങളുമായി മുന്നോട്ട് നീങ്ങുന്നു.

## അമ്പിട്ടൻതരിശ്ശ് ആക്ഷൻകൗൺസിൽ പ്രസ്താവന

പാലക്കാട് ജില്ലയിലെ കിഴക്കഞ്ചേരി പഞ്ചായത്തിലെ 9, 11, 12 വാർഡുകൾ ഉൾപ്പെടുന്ന അമ്പിട്ടൻതരിശ്ശിൽ പ്രവർത്തിക്കുന്ന കരിങ്കൽ ക്വാറികളും ക്രഷർ യൂണിറ്റും കാരണം ഈ പ്രദേശത്ത് ജനജീവിതം ദുഷ്കരമായിരിക്കുകയാണ്. കഴിഞ്ഞ 15 വർഷമായി പ്രവർത്തിച്ചുവരുന്ന എം.ജെ. ജോണിയുടെ ഉടമസ്ഥതയിലുള്ള സെന്റ് ജോർജ്, 2012 ൽ പ്രവർത്തനം ആരംഭിച്ച ജോജി ജോർജിന്റെ ഉടമസ്ഥതയിലുള്ള കെ.എസ്.എം പ്രൈവറ്റ് ലിമിറ്റഡ് എന്ന കരിങ്കൽ ക്വാറിയും ക്രഷർ യൂണിറ്റും പെന്റ, അമർ ക്രഷർ എന്നിവയുൾപ്പടെ നാൾ ക്വാറികളാണ് ഈ പ്രദേശത്തുള്ളത്. ക്വാറികൾ പ്രവർത്തനം തുടങ്ങിയ കാലം മുതൽ ജനങ്ങൾ പ്രയാസങ്ങൾ അനുഭവിച്ചിരുന്നെങ്കിലും ജോജിയുടെ ഉടമസ്ഥതയിലുള്ള കെ.എസ്.എം ക്വാറി യൂണിറ്റ് 2012 ൽ പ്രവർത്തനം ആരംഭിച്ചതുമുതലാണ് ജനജീവിതം ഈ പ്രദേശത്ത് ദുസ്സമായിത്തീർന്നത്.

20 ആദിവാസി കുടുംബങ്ങൾ അധിവസിക്കുന്ന ട്രൈബൽ കോളനിയിൽനിന്നും ഏതാനും മീറ്ററുകൾ മാത്രം മാറിയാണ് ജോജിയുടെയും ജോണിയുടെയും ക്വാറികൾ പ്രവർത്തിക്കുന്നത്. 20 ആദിവാസി കുടുംബങ്ങൾ ഉൾപ്പടെ 42 കുടുംബങ്ങൾ ഈ കോളനിയിലാണ് താമസിക്കുന്നത്. ഈ പ്രദേശത്ത് കുടിവെള്ളമെത്തിക്കുന്നതിനായി സ്ഥാപിച്ചിട്ടുള്ള കുടിവെള്ള ടാങ്ക് ഈ കോളനിയിലാണുള്ളത്. ക്വാറികളിൽ പാറപൊട്ടിക്കുന്നതിനായി നടത്തുന്ന വൻ സ്ഫോടനങ്ങൾ ഈ പ്രദേശത്തെ ഇരുപതോളം വരുന്ന വീടുകൾക്ക് ഇതിനകം സാരമായ കേടുപാടുകൾ വരുത്തിയിട്ടുണ്ട്. ഓടുമേഞ്ഞ വീടുകളുടെ ഓടുകൾ ഇളകിവീഴുന്നതിനും, ചുവരുകളിൽ വിള്ളൽ ഉണ്ടാകുന്നതിനും വീടിനകത്തെ വസ്തുക്കൾ താഴെ വീണുതകരുന്നതിനും സ്ഫോടനങ്ങൾ കാരണമാകുന്നു.

കരിങ്കല്ലുകൾ കയറ്റിപോകുന്ന ടിപ്പറുകളുടെ മരണപാച്ചിൽ ജനങ്ങൾക്ക് വലിയ ഭീഷണി തന്നെയാണ്. ഒരു ദിവസം ഏകദേശം 200 ഓളം ട്രിപ്പുകളാണ് അമ്പിട്ടൻതരിശ്ശിലെ റോഡുകളിലൂടെ ടിപ്പർ ലോറികൾ നടത്തുന്നത്. ഇത്രയും വലിയ ഗതാഗതം താങ്ങാനാവാതെ ഇവിടുത്തെ റോഡുകൾ തകരുന്ന അവസ്ഥയാണുള്ളത്. ടിപ്പർ ലോറികളുടെ പാച്ചിലിൽ റോഡിനിരുവശവുമുള്ള കുടിവെള്ളപൈപ്പുകൾ തകരുന്നത് നിമിത്തം പലപ്പോഴും ഇവിടെ കുടിവെള്ളം മുടങ്ങുന്ന അവസ്ഥയുമാണ്. ക്വാറികളുടെ പ്രവർത്തനവും ടിപ്പർ ലോറികളും ചേർന്ന് സൃഷ്ടക്കുന്ന മറ്റൊരു പ്രധാന അപകടം വ്യാപകമായി പാറപ്പൊടി അന്തരീക്ഷത്തിൽ കലരുന്നതാണ്. പാറപ്പൊടി കലർന്ന വായു ശ്വസിക്കുന്നതുമൂലം ഗുരുതരമായ ആരോഗ്യപ്രശ്നങ്ങളുടെ ഭീഷണിയിലാണ് പ്രദേശവാസികൾ. കൂടാതെ റബർ, തെങ്ങ് കൃഷികൾ വ്യാപകമായ ഈ പ്രദേശത്ത് പാറപ്പൊടി വായുവിൽ കലർന്ന് ചുറ്റുപാടും വ്യാപിക്കുന്നത് വലിയതോതിൽ കൃഷിനാശത്തിനും ഉത്പാദന നഷ്ടത്തിനും കാരണമാകുന്നുണ്ട്.

ക്വാറികൾ സൃഷ്ടിക്കുന്ന സാമൂഹ്യ, സാമ്പത്തിക, പാരിസ്ഥിതിക പ്രത്യാഘാതങ്ങൾ കണക്കിലെടുത്തുകൊണ്ട് പ്രദേശവാസികൾ കലക്ടർ ഉൾപ്പടെയുള്ള അധികാരികൾക്ക് പരാതി നൽകുകയും ചെയ്തിരുന്നു. ആക്ഷൻ കൗൺസിലിന്റെ പ്രവർത്തനത്തെത്തുടർന്നു ക്വാറികളുടെ പ്രവർത്തനം താൽക്കാലികമായി തടയാൻ കഴിഞ്ഞെങ്കിലും ക്വാറി ഉടമകൾ പ്രത്യേകിച്ച് ജോജി ജോർജ് അധികാരികളെ സ്വാധീനിച്ച് ക്വാറിയുടെ പ്രവർത്തനം തുടരാനുള്ള അനുമതി വാങ്ങിയെടുക്കുകയും ഡിസംബർ 28ന് ക്വാറികളുടെ പ്രവർത്തനം പുനരാരംഭിക്കുകയും ചെയ്തിരിക്കുകയുമാണ്. ഈ പ്രദേശത്ത് ക്വാറികളുടെ പ്രവർത്തനം തുടരുകയാണെങ്കിൽ അടുത്ത 10 വർഷത്തിനകം അമ്പിട്ടൻതരിശ്ശ് പ്രദേശത്ത് വലിയ കുഴികൾ മാത്രമേ അവശേഷിക്കുകയുള്ളൂ. അനിയന്ത്രിതമായ പാറപൊട്ടിക്കൽ മൂലം ഉരുൾപൊട്ടൽ, കുടിവെള്ളക്ഷാമം, വെള്ളക്കെട്ട് തുടങ്ങി പ്രകൃതിക്ഷോഭങ്ങളെ ഈ പ്രദേശത്തെ ജനങ്ങൾക്ക് നേരിടേണ്ടിവരുമെന്നുറപ്പാണ്.

**സജി ജോർജ് (ചെയർമാൻ)**
**പി.കെ. രാജൻ (കൺവീനർ)**

ഖും സഹായി സവാദും റബർ തോട്ടത്തിന്റെ അതിർത്തിയിൽ നിന്ന് ക്യാമറയിൽ ഈ പ്രവൃത്തികൾ പകർത്തി. ഞങ്ങളുടെ സാന്നിധ്യം മനസ്സിലാക്കിയ ക്വാറി ഉടമയും സഹായിയും ക്യാമറയ്ക്കുനേരെ പാഞ്ഞടുക്കുകയും തന്റെ അനുവാദമില്ലാതെ ഷൂട്ട് ചെയ്യാൻ സാധിക്കില്ല എന്നാക്രോശിക്കുകയും ചെയ്തു. അവരുടെ പ്രവർത്തികൾ തടസ്സപ്പെടുത്തുന്നില്ല എന്നും ക്വാറിയിലേക്ക് പ്രവേശിച്ചിട്ടില്ലെന്നും അവരെ ബോധ്യപ്പെടുത്താൻ ഞങ്ങളോടൊപ്പം കോളനിവാസികളും ശ്രമിച്ചുകൊണ്ടിരുന്നു. ഇതിനിടയിൽ ക്വാറിയിലെ പ്രവർത്തനങ്ങൾ നിർത്തിവച്ച് അറുപതോളം തൊഴിലാളികളും ഞങ്ങൾക്ക് ചുറ്റുംകൂടി.

അരമണിക്കൂറോളമായി നടന്നുകൊണ്ടിരിക്കുന്ന വാക്കുതർക്കങ്ങൾക്കിടയിലേക്ക് മംഗലംഡാം പോലീസ് സ്റ്റേഷനിൽ നിന്നുള്ള രണ്ട് പോലീസ് ഉദ്യോഗസ്ഥർ എത്തി. ക്വാറി ഉടമ ജോർജ്ജിന്റെ ആവശ്യപ്രകാരം എത്തി

യ ഇവരും അയാളുടെ അതേ ചോദ്യങ്ങൾ തന്നെയാണ് ആവർത്തിച്ചത്. ക്യാമറ ഉപയോഗിക്കാനും ഇത്തരം സ്ഥലങ്ങളിൽ ഷൂട്ട് ചെയ്യാനും നിങ്ങൾക്ക് എന്താണ് അധികാരം എന്ന ചോദ്യത്തോടെയാണ് പോലീസ് സംസാരം തുടങ്ങിയതുതന്നെ. കിടപ്പറ ദൃശ്യങ്ങൾ പകർത്താൻ ഒളിക്യാമറ ഉപയോഗിക്കുന്ന അതേ പ്രവൃത്തിയാണ് ഞങ്ങളും ചെയ്യുന്നത് എന്ന് സ്ഥാപിക്കാനാണ് പോലീസ് തുടർന്ന് ശ്രമിച്ചത്. ക്യാമറ പിടിച്ചെടുക്കണമെന്നും ഷൂട്ട് ചെയ്ത ദൃശ്യങ്ങൾ പരിശോധിക്കണമെന്നും ക്വാറി ഉടമ പോലീസിനോട് ആക്രോശിച്ചുകൊണ്ടിരുന്നു. പോലീസാകട്ടെ നാലുപേരെയും അപ്പോൾത്തന്നെ സ്റ്റേഷനിലെത്തിക്കാനുള്ള വ്യഗ്രതയിലായിരുന്നു. വാക്കുതർക്കങ്ങൾക്കൊടുവിൽ പോലീസ് സ്റ്റേഷനിൽ ഞങ്ങൾ വരേണ്ടത് എന്ത് കാരണത്താലാണ് എന്ന് അന്വേഷിക്കുകയും ഞങ്ങളുടെ ജോലി കഴിഞ്ഞതിന് ശേഷം മാത്രമെ സ്റ്റേഷനിലേക്ക് വരൂ എന്ന് അറിയിക്കുകയും ചെയ്തു. അതോടെ രണ്ടുപോലീസുകാരും സ്റ്റേഷനിലേക്ക് തിരിച്ചുപോയി.

ഞങ്ങൾ വീണ്ടും കോളനിയിലും പരിസരത്തുമുള്ള ആളുകളുമായി അഭിമുഖ സംഭാഷണം നടത്തുകയും ഷൂട്ടിംഗ് തുടരുകയും ചെയ്തു. സ്റ്റേഷനിലേക്ക് തിരിച്ചുപോയ അതേ പോലീസ് ഉദ്യോഗസ്ഥർ വളരെ വേഗം തിരിച്ചെത്തി. എസ്.ഐയുടെ നിർദ്ദേശ പ്രകാരം അവർ ഞങ്ങളുടെ പ്രവർത്തനങ്ങൾ തുടർച്ചയായി നിരീക്ഷിച്ചുകൊണ്ടിരുന്നു. ഇതിനിടയിൽത്തന്നെ, വൈകീട്ട് അഞ്ചുമണിയോടെ പോലീസ് എസ്.ഐ ജീപ്പിൽ കോളനി പരിസരത്തെത്തുകയും കോളനി നിവാസികളായ സ്ത്രീകളോട് ഇതുപോലെ പുറത്ത്നിന്നും വരുന്നവരെ കോളനിക്കകത്ത് കയറ്റുകയോ അവരെ സഹായിക്കുകയോ ചെയ്താൽ ഗോതമ്പുണ്ട തിന്നേണ്ടിവരുന്നമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്തു.

സ്റ്റേഷനിലെത്തിയ ഞങ്ങളെ, ആരടാ നിങ്ങൾക്ക് ക്യാമറ ഉപയോഗിക്കാനും ഇവിടെ ഷൂട്ട് ചെയ്യാനും അധികാരം തന്നത് എന്ന് ക്വാറി ഉടമയുടെ അതേ വികാരത്താൽ ആക്രോശിച്ചുകൊണ്ടാണ് എസ്.ഐ ചന്ദൻ സ്വീകരിച്ചത്. കഴിഞ്ഞ ഞായറാഴ്ചയും ക്വാറിക്കകത്ത് അതിക്രമിച്ചു കയറി നിങ്ങൾ ഷൂട്ട് ചെയ്തു എന്ന് ഞങ്ങൾ അറിഞ്ഞിട്ടുണ്ട്. അതെല്ലാം നിങ്ങൾക്കെതിരെ നിയമനടപടികളെടുക്കാൻ മതിയായ കാരണങ്ങളാണ് എന്നെല്ലാം അദ്ദേഹം തുടർന്നു. കിടപ്പറരംഗങ്ങൾ ഷൂട്ട് ചെയ്യുന്നതിനെക്കുറിച്ചുള്ള ക്വാറി ഉടമയുടെ ഉപമ എസ്.ഐയും ആവർത്തിച്ചു. ഞങ്ങൾ നാലുപേരും കുറ്റവാളികളാണെന്ന് സ്ഥാപിച്ചെടുക്കാൻ മറ്റ് പോലീസ് ഉദ്യോഗസ്ഥരും എസ്.ഐയോടൊപ്പം ചേർന്നു. അരമണിക്കൂറിലധികം നീണ്ടുനിന്ന ചോദ്യം ചെയ്യലിനൊടുവിൽ ക്വാറി ഉടമ ജോജി പരാതി തരാത്തതിനാൽ നിങ്ങളെ തൽക്കാലം വെറുതെ വിടുന്നു എന്ന് എസ്.ഐ പ്രഖ്യാപിക്കുകയായിരുന്നു.

പൊതുജനങ്ങൾക്ക് അവകാശപ്പെട്ട വിഭവങ്ങൾ സംരക്ഷിക്കേണ്ട സർക്കാരും സർക്കാർ സംവിധാനങ്ങളും ഇന്ന് ജനങ്ങളിൽ ഭയം ജനിപ്പിക്കുകയും അതുവഴി വിഭവങ്ങൾ കൊള്ളയടിക്കുന്നവർക്ക് ജനത്തിന്റെ മേൽ അധീശത്വം സ്ഥാപിച്ചെടുക്കാൻ അവസരമൊരുക്കുകയുമാണ് ചെയ്യുന്നതെന്ന് ഈ സംഭവവും ബോധ്യപ്പെടുത്തുന്നു. ഇങ്ങനെ സർക്കാർ സംവിധാനങ്ങൾ സാമാന്യജനങ്ങളെ അനാഥത്വത്തിലേക്ക് തള്ളിവിടുന്നു. ■


## കേരളീയം വരിസംഖ്യ
### അയയ്ക്കുമല്ലോ...

വാർഷിക വരിസംഖ്യ (12 ലക്കം) :
ഇന്ത്യയിൽ : 300 രൂപ,
സ്ഥാപനങ്ങൾക്ക് : 600 രൂപ
വിദേശത്തേക്ക് : 1200 രൂപ.
കൂട്ടായ്മ അംഗത്വം : 10,000 രൂപ.
ആജീവനാന്ത വരിസംഖ്യ
വിദേശത്തേക്ക് : 8000 രൂപ.
ഇന്ത്യയിൽ : 6000 രൂപ.
കത്തുകൾ, വാർത്തകൾ, വിശകലനങ്ങൾ, സംഭാവന,പരസ്യങ്ങൾ എന്നിവയും പ്രതീക്ഷിക്കുന്നു.
ബന്ധങ്ങൾക്ക് :
**കേരളീയം, കൊക്കാലെ, തൃശൂർ–21**
ഫോൺ : 0487 2421385, 9446576943

കോപ്പികൾ കിട്ടുന്നില്ലെങ്കിൽ:
8129931739


തൃശൂർ ജില്ലയിലെ മികച്ച ആക്ടിവിസ്റ്റിനുള്ള
**പ്രഥമ ഗ്രീൻഹോം പുരസ്കാരം**
ചാലക്കുടിപ്പുഴ സംരക്ഷണ സമിതി
പ്രവർത്തകൻ **എസ്.പി. രവിക്ക്**
**2014 മാർച്ച് 30ന്** ഞായറാഴ്ച 3ന്
സാഹിത്യ അക്കാദമിയിൽ വച്ച് നൽകും.
*ബന്ധങ്ങൾക്ക്: 9895148998*